ഇ.എം.(1) 3378/2011

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി : 09.02.2011

**സർക്കുലർ നമ്പർ: 15/2011**

വിഷയം: സഹകരണ വകുപ്പ് - 1969 ലെ കേരള സഹകരണ സംഘം ചട്ടം 185(2), (3) - സഹകരണ സംഘം ജീവനക്കാരുടെ ഉദ്യോഗക്കയറ്റം – യോഗ്യതാ പരീക്ഷ - മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്.

സൂചന:
1. സഹകരണസംഘം രജിസ്ട്രാറുടെ 29/1999, 30/1999 നമ്പർ സർക്കുലറുകൾ.
2. 2010 ലെ കേരള സഹകരണ സംഘം (ഭേദഗതി) നിയമം.
3. 2010 ലെ കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ചട്ടങ്ങൾ.

കേരള സഹകരണ സംഘം ചട്ടം 185 ഉപചട്ടങ്ങൾ (2), (3) എന്നിവയിൽ പരാമർശിക്കുന്ന തസ്തികകളിലേയ്ക്ക് പ്രൊമോഷൻ മുഖേന നിയമനം നടത്തുന്നതിന് ഒരു മത്സരപരീക്ഷ നടത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടായിരുന്നതും, അയതിന്റെ അടിസ്ഥാനത്തിൽ സൂചന 1 ലെ സർക്കുലറുകൾ പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 80(ബി)യിലും, ചട്ടം 185(7) ലും, ക്വാളിഫൈയിംഗ് എക്സാമിനേഷൻ നടത്താൻ കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡിനെ ചുമതലപ്പെടുത്തി സൂചന 2 പ്രകാരം നിയമഭേദഗതി നിലവിൽ വരികയും, സൂചന 3 പ്രകാരം ചട്ടം 185 ലും അപ്രകാരം ഭേദഗതി വരികയും ചെയ്തിട്ടുണ്ട്. ഇപ്രകാരം യോഗ്യതപരീക്ഷ (Qualifying Examination)പാസ്സാകുന്നവർക്ക് മാത്രമേ അടുത്ത കേഡറിലേയ്ക്ക് ഉദ്യോഗക്കയറ്റം നൽകുകയുള്ളൂ എന്നും വ്യക്തമാക്കിയിട്ടുണ്ട്.

യോഗ്യത പരീക്ഷയിൽ പൊതുഭരണ വിഷയവും, ബാങ്കിംഗ്, മാനേജീരിയൽ സ്കിൽ, കേരള സഹകരണസംഘം നിയമവും ചട്ടങ്ങളും, മറ്റ് അനുബന്ധ വിഷയങ്ങൾ തുടങ്ങിയവ ഉൾക്കൊള ളിക്കുകയും, ടി യോഗ്യത പരീക്ഷാ നടത്തുന്നത് സംബന്ധിച്ച് താഴെ പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു.

1. യോഗ്യതാ പരീക്ഷാ നടത്തുന്നതിന് ഓരോ ജീവനക്കാരിൽ നിന്നും പരീക്ഷാഫീസ് കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡ് ഈടാക്കേണ്ടതും, ടി ഫീസ് ആദ്യതവണ സംഘം വഹിക്കേണ്ടതുമാണ്.
2. യോഗ്യതാപരീക്ഷയുടെ സിലബസ് സംബന്ധിച്ച് കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡ് അറിയിക്കേണ്ടതും, പരീക്ഷാ നടത്തേണ്ട വിധം, പരീക്ഷയുടെ മാർക്ക് തുടങ്ങിയവ ടി അറിയിപ്പിൽ ഉൾക്കൊള്ളിക്കേണ്ടതുമാണ്.
3. യോഗ്യതാപരീക്ഷ പാസ്സാകുന്നവർക്ക് കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡ് സർട്ടിഫിക്കറ്റ് നൽകേണ്ടതാണ്. സഹകരണ സംഘങ്ങൾ/ബാങ്കുകൾ ഇതു സംബന്ധിച്ച അറിയിപ്പ് ബന്ധപ്പെട്ട ജീവനക്കാർക്ക് നൽകുകയും, യോഗ്യതാ പരീക്ഷാ പാസ്സാകാത്തവർക്ക് യാതൊരു കാരണവശാലും ഉദ്യോഗക്കയറ്റം നൽകാൻ പാടില്ലാത്തതു മാണ്.

ഒപ്പ്,
സഹകരണസംഘം രജിസ്ട്രാർ

പകർപ്പ്:- 1. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും, എല്ലാ ജോയിന്റ് ഡയറക്ടർ മാർക്കും
2. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക് (ക്ലിപ്തം).
3. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്(ക്ലിപ്തം)
4. പ്രസിഡന്റ്/ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും.
5. സെക്രട്ടറി, കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡ്.
6. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും, ജോയിന്റ് രജിസ്ട്രാർ(ജനറൽ)മുഖാന്തിരം
7. എഡിറ്റർ, സഹകരണ ജേർണൽ, സഹകരണ വീഥി.

8. ഈ ആഫീസിലെ എല്ലാ ആഫീസർ മാർക്കും, സെക്ഷൻ തലവന്മാർക്കും.

ആജ്ഞാനുസരണം

ജോയിൻറ് രജിസ്ട്രാർ (എസ്.സി/എസ്.റ്റി)